ഡി.ആർ.ഡബ്ല്യു. സ്കീമിൽ ഉൾപ്പെടുത്തി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് ഭരണാനുമതി ലഭ്യമാക്കിയ ശേഷം എത്രയും വേഗം പണികൾ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഈ പദ്ധതിയിൽ നിന്നുള്ള വെള്ളത്തിന്റെ ദുരുപയോഗം തടഞ്ഞും വാൽവ് ക്രമീകരിച്ച് ജലലഭ്യത കാര്യക്ഷമമാക്കിയും അറ്റകുറ്റപ്പണികൾ കാര്യക്ഷമമാക്കിയും ഈ പദ്ധതി പ്രവർത്തിച്ചുവരുന്നു.

(എഫ്) ഇതുവരെ ഈ പദ്ധതിക്ക് 220.40 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

എലത്തൂർ, തലക്കളത്തൂർ, പഞ്ചായത്തുകളിലേക്ക് കുടിവെള്ളം

65 [245] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ പഞ്ചായത്തുകളിലേക്ക് കുടിവെള്ളം വിതരണം ചെയ്യുന്ന വാവോൻ ചീപ്പിലെ സംഭരണശേഷി എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ രണ്ട് പഞ്ചായത്തുകളിൽ പലപ്പോഴും ആവശ്യത്തിനുള്ള വെള്ളം ടാപ്പുകളിൽ ലഭിക്കുന്നില്ലായെന്നുള്ള പരാതി വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനു പരിഹാരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 2250 ദശലക്ഷം ലിറ്റർ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 2004-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി പാവയിൽ ചീർപ്പ് ഉറവിടത്തിന്റെ പുനരുദ്ധാരണത്തിനായി 6.85 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി എലത്തൂർ പഞ്ചായത്തിലെ ചോർച്ചയുള്ള പഴയ എച്ച്.ഡി.പി.ഇ. പൈപ്പുകൾ 3000 മീറ്റർ നീളത്തിൽ മാറ്റി പുതിയ 75 എം.എം. പി.വി.സി. പൈപ്പുകൾ സ്ഥാപിച്ചു. ശുദ്ധജലക്ഷാമമുള്ള തലക്കളത്തൂർ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ 2600 മീറ്റർ നീളത്തിൽ 63 എം.എം. മുതൽ 40 എം.എം. വരെയുള്ള പി.വി.സി. പൈപ്പുകൾ സ്ഥാപിച്ച് ശുദ്ധജലം എത്തിച്ചു. പി.എം.ജി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എലത്തൂർ ബീച്ച് ഭാഗത്ത് കേടുവന്ന 3000 മീറ്റർ എച്ച്.ഡി.പി.ഇ. പൈപ്പ് മാറ്റി പുതിയ 75 എം.എം. പി.വി.സി. പൈപ്പ് ലൈൻ സ്ഥാപിച്ചു. കൂടാതെ ജപ്പാൻ സഹായത്തോടുകൂടി കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ എലത്തൂർ, തലക്കളത്തൂർ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ ഈ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly